**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5322** **02-11-2021 - ൽ മറുപടിയ്ക്ക്**

**കുടപ്പനക്കുന്നിലെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ഫാർമസി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിച്ചു വരുന്ന മൃഗസംരക്ഷണ വകുപ്പിന്റെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ഏർപ്പെടുത്തിയിരിക്കുന്ന സൗകര്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ഒരു റഫറൽ ആശുപത്രിയും, പൊതുമേഖലയിൽ സംസ്ഥാനത്ത് ഇത്തരത്തിലുള്ള ആദ്യ സംരംഭവുമാണ്. മൂന്നു ഷിഫ്റ്റുകളിലായി 24 മണിക്കൂറും പ്രവർത്തിക്കുന്ന റഫറൽ ആശുപത്രി ആണെങ്കിലും ഗുരുതര രോഗങ്ങൾ, അപകടങ്ങളിൽപ്പെടുന്ന മൃഗങ്ങൾ എന്നിവയ്ക്ക് റഫറൻസ് ഇല്ലാതെയും ചികിത്സ നൽകുന്നുണ്ട്. ഇവിടെ ഏർപ്പെടുത്തിയിരിക്കുന്ന സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു. 1. മെഡിസിൻ, സർജറി, ഗൈനക്കോളജി വിഭാഗങ്ങളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ നേതൃത്വത്തിലുള്ള ചികിത്സയും ശസ്ത്രക്രിയകളും നടത്തപ്പെടുന്നു. 2. ഒരു വെറ്ററിനറി പത്തോളജിസ്റ്റിന്റെ നേതൃത്വത്തിൽ ഇവിടെ ചികിത്സയ്ക്കെത്തുന്ന മൃഗങ്ങളുടെ പരിശോധനയ്ക്കായി ലബോറട്ടറി സൗകര്യം. 3. ഡിജിറ്റൽ എക്സ്റേ സംവിധാനം 4. ഇലക്ട്രോ കാർഡിയോഗ്രാം 5. അൾട്രാസൗണ്ട് സ്കാനിംഗ് വിത്ത് കളർ ഡോപ്ലർ. 6. ഫാർമസി. |
| (ബി) | ഈ ആശുപത്രിയിൽ ഫാർമസി പ്രവർത്തനം ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ; | (ബി) | ആശുപത്രിയിൽ എത്തുന്ന മൃഗങ്ങളുടെ ചികിത്സയ്ക്കായി, ഫണ്ടിന്റെ ലഭ്യത അനുസരിച്ചുള്ള മരുന്നുകൾ വാങ്ങി ശേഖരിച്ച് ഉപയോഗിക്കുന്നതിന് ഒരു ഫാർമസി ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. |
| (സി) | ഫാർമസി ഉടനടി പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഈ ആശുപത്രിയിലെ ചികിത്സയ്ക്കാവശ്യമായ മരുന്നുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനാവശ്യമായ ഫണ്ടിന്റെ വലിയ അപര്യാപ്തത നിലവിലുണ്ട്. ഈ സാഹചര്യത്തിൽ പൊതു ജനങ്ങൾക്ക് ഇവ ലഭ്യമാക്കുവാൻ ഒരു ന്യായവില മരുന്നു കട (ഫെയർ പ്രൈസ് മെഡിക്കൽ ഷോപ്പ്) തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഇതിനായി ഒരു |

| | | | |
|---|---|---|---|
| | | | ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി രൂപികരിക്കേണ്ടതുള്ളതിനാൽ ആയതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ